# Rhythm

# 2019

## BVMHS, KALPARAMBA

# സന്ദേശം

കൽപറമ്പ് ബി വി എം ഹയർ സെക്കന്ററി സ്കൂൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞ-തിൽ വളരെ സന്തോഷമുണ്ട്.പുതുതല-മുറയ്ക്ക് എന്നെന്നും സൂക്ഷിച്ചു വയ്ക്കുവാൻ കഴിയുന്ന ഒന്നായി മാഗസിൻ മാറട്ടെ എന്ന് ആശംസിക്കുന്നു.മാഗസിൻ പ്രസി-ദ്ധീകരണവുമായി ബന്ധപ്പെട്ട് പ്രവർ-ത്തിക്കുന്ന എല്ലാവർക്കും ഭാവുകങ്ങൾ നേരുന്നു.

മാനേജർ

റവ.ഫാ.ഫ്രാൻസിസ് കൊടിയൻ

# സന്ദേശം

വിദ്യാർത്ഥികളെ ദൃശ്യാനുഭവങ്ങളുടെ മാസ്മരിക ലോകത്തിലേക്ക് കൈപിടിച്ചുനടത്തികൊണ്ട് നവ മാധ്യമങ്ങളുടെ അത്ഭുതലോകം കാണിക്കുന്ന ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും ഭാവുകങ്ങളും നേരുന്നു.

എന്ന്,

ഷൈലജ മനോജ്

പി.ടി.എ. പ്രസിഡന്റ്

# സന്ദേശം

കുരുന്നു മനസ്സുകളെ വർണവിസ്മയലോകത്തേക്ക് ആനയിക്കുന്ന ഡിജിറ്റൽ വിപ്ലവയുഗത്തിലേക്ക് ഒരുക്കുന്ന ലിറ്റിൽ കൈറ്റ്സിന്റെ കലാസൃഷ്ടികൾ മനോഹരമാകട്ടെ എന്ന് ആശംസിക്കുന്നു.

ജെൻസി തോമസ്
ഹെഡ്മിസ്ട്രസ്സ്

# സന്ദേശം

വിജ്ഞാന തൃഷ്ണയുള്ള പിഞ്ചുഹൃദയങ്ങളിൽ
നന്മയുടെ ദീപം അക്ഷരങ്ങളായി
തെളിയിക്കുന്ന കല്ലറമ്പ് ബി.വി.എം.സ്കൂളിൽ
തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന്
എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

സ്വീറ്റ്സൺ ഫ്രാൻസിസ് സി

# സന്ദേശം

പൊതുവിദ്യാഭ്യാസസ്ഥാപനകളെ
ശക്തിപ്പെടുത്തുന്നതിനുവേണ്ടി
സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച
ലിററിൽകൈററ്സ് തയ്യാറാക്കുന്ന
മാഗസിന് എല്ലാവിധ
അഭിനന്ദനങ്ങളും നേരുന്നു.

ചീഫ് എഡിറ്റർ
ഐബിൻ സാബു



# ദിശാബോധമില്ലാത്ത ന്യൂജെൻ

ഇന്നത്തെ കുട്ടികളാണ് നാളത്തെ പൗരന്മാർ.ആയതിനാൽ പൗരബോധത്തിൽ വളരേണ്ടവരാണ് കുട്ടികളായ നമ്മൾ.എന്നാൽ ആ രീതിയിലാണോ ഇന്നത്തെ പുതുതലമുറ വളർന്നു വരുന്നത്.ചെറുപ്പം ജീവിതത്തിന്റെ ആഘോഷമായി കരുതുന്നവരാണ് ഇന്ന് ഏറെയും. ജീവിതം ആഘോഷിക്കാനുള്ളതാണ്.എന്നാൽ ആഘോഷങ്ങൾ മറ്റുള്ളവർക്ക് തീരാവേദനയും സ്വയം നാശവുമാണ് നൽകുന്നതെങ്കിലോ? ഇന്നത്തെ യുവതലമുറ മദ്യം,മയക്കുമരുന്ന്,മൊബൈൽ,ബൈക്ക് റൈഡിംഗ്

എന്നിവയുടെ നീരാളി പിടുത്തത്തിൽ
അകപ്പെട്ടിരിക്കുകയാണ്.ഇവയുടെയെല്ലാം ദുരുപയോഗത്തെപ്പറ്റിയുള്ള വാർത്തകൾ സമൂഹ മാധ്യമങ്ങളിലൂടെ അറിയുന്നവരാണ് നമ്മൾ.മക്കളുടെ ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കാൻ ബാധ്യതപ്പെട്ടവരായി മാറിയിരിക്കുകയാണ് എന്ന് മാതാപിതാക്കൾ.

സമൂഹം അനുദിനം മാറിക്കൊണ്ടിരിക്കുകയാണ് . സാമൂഹികബന്ധങ്ങളും, ലോകത്തെവിടെയുമുള്ള വിജ്ഞാനവും വിനോദവും നിമിഷനേരം കൊണ്ട് വിരൽത്തുമ്പിലെത്തുന്ന മൊബൈലും,ഇന്റെർനെറ്റുമെല്ലാം ഗുണദോഷസമ്മിശ്രമായാണ് യുവതലമുറയിൽ മാറ്റങ്ങൾ വരുത്തുന്നത്. ജനിച്ചുവീഴുന്ന കുഞ്ഞുങ്ങളുടെ കരച്ചിൽ മാറ്റുന്നതിനും ഭക്ഷണം മുഴുവൻ കഴിക്കുന്നതിനും മാതാപിതാക്കൾ നൽകുന്ന കളിപ്പാട്ടമായാണ് ഇന്ന് മൊബൈൽ ഫോൺ.അതിനാൽതന്നെ വളർന്നുവരുന്ന മക്കൾക്ക് മൊബൈൽ ഫോൺ ജീവിതത്തിന്റെ ഒരു അനിവാര്യ ഘടകമായിമാറിക്കൊണ്ടിരിക്കുകയാണിപ്പോൾ സമൂഹമാധ്യമങ്ങളിൽ നല്ലതും ചീത്തയുമായ ഒട്ടനവധി കാര്യങ്ങളുണ്ട്.വിവിധ തരത്തിലുള്ള ഗെയിമുകൾക്ക് അടിമപ്പെട്ട് ആത്മഹത്യക്ക് മുതിരുകയും ,മരിക്കുകയും, മാനസികരോഗികളായി തീരുകയും ചെയ്യുന്ന എത്രയോ യുവജനങ്ങളെപ്പറ്റിയാണ് നാം ദിവസവും പത്രങ്ങളിൽ

വായിക്കുന്നത്.അതുപോലെത്തന്നെ മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് എന്തക്രമവും ചെയ്യാൻ മടിയില്ലാത്തവരായി മാറി.നാടിനു നട്ടെല്ലാകേണ്ട യുവതലമുറ നടുറോഡിൽ ജീവിതം ഹോമിക്കുന്നു.ഇന്ന് റോഡപകടങ്ങളിൽ പെടുന്നവർ ഭൂരിഭാഗവും 25 വയസ്സിൽ താഴെയുള്ളവരാണ്.അമിതവേഗത,ആധുനിക പവർഫുൾ ബൈക്കുകൾ,മദ്യം,മയക്കുമരുന്നുപയോഗം അശ്രദ്ധ മുതലായവയെല്ലാം അപകടങ്ങളിലേക്ക് നയിക്കുന്ന കാരണങ്ങളാണ്.ലഹരി ഉപയോഗിച്ചും വീടും വീട്ടുകാരേയും മറന്നും ഞൊടിയിടയിൽ അപകടത്തിൽപ്പെട്ട് മരിക്കുകയോ ജീവച്ഛവമാകുകയോ ചെയ്യുന്നവർ അറിയുന്നില്ല നാളെ നാടിനും വീടിനും മാതാപിതാക്കൾക്കും കാവലും കരുതലുമാകേണ്ടവരാണ് തങ്ങളെന്ന്.അറിവുള്ളവരായി മാത്രം ഒതുങ്ങാതെ തിരിച്ചറിവുള്ളവരായി മാറാം നമുക്ക്.പൗരബോധമുള്ള നന്മയുള്ള ഒരു ന്യൂജെൻ തലമുറയായി നമുക്ക് വളരാം,പ്രവർത്തിക്കാം,മുന്നേറാം.

9

## പകൽവീടിന്റെ പടിവാതിൽക്കൽ

സോഡാഗ്ലാസ്സെന്നെൻ മകൻ കളിയായ് വിളിച്ചിട്ട
കറുത്ത ഫ്രെയിമുള്ളൊരു കണ്ണട വച്ചു ഞാൻ
പത്രത്താൾ മറിക്കവേ ഉടക്കി കൺകളിലായ്
കൗതുകമുണർത്തുമീ മത്സര നിബന്ധന
ഇരുപത്തെണ്ണായിരം വരികൾ തികയില്ലീ
ജീവിത സായാഹ്നത്തിൻ കഥചൊല്ലാൻ
തിരിച്ചു,വേലികെട്ടി ഇരുപത്തെട്ടുവരി
തുടിത്താളമാം ജീവിതകഥ
ബാല്യത്തിൽ പൂവാടിയിൽ വാത്സല്യമൂട്ടിയെൻ
കൈകളിൽ തൂങ്ങിയാടി കൊഞ്ചാറുണ്ടവൻ
അമ്മക്കായ് തീർക്കും സൗധം
കളിവീടെന്ന് ചൊല്ലി
ബട്ടണൊന്നമർത്തിയാൽ
കൂട്ടിനായ് റോബോട്ടെത്തും
ഋതുവും വസന്തവും പോയ് മറഞ്ഞു;
പടിച്ചു  കേമനായി നേട്ടങ്ങളിൽ
മന്നനായ് വാഴും നേരമെൻ
കൺമണി കരതലംവിട്ടെങ്ങോ പോയി.
ഏകയാണിന്നു ഞാൻ; ഏകയാണിന്നു ഞാൻ
കൂട്ടിനായ് റോബോട്ടില്ല;
നേരം പോകാൻ മുന്തിയ പകൽ വീട്!
എൻ ചോദ്യത്തിനുത്തരം കിട്ടാതെ
ജീവിതമാം തോണിയലയവേ
അറിയാതൊരു ചോദ്യം
തൊണ്ടയിൽ കുരുങ്ങുന്നു. നീരെല്ലാം വലിച്ചെട്ടുത്തോടയിലെറിയുവാൻ
കരിമ്പിൻ ചെണ്ടോ ഞങ്ങൾ ?

ഏയ്ഞ്ചല  ഡേവീസ്

10

# പഠനം ഇന്നലെയും ഇന്നും



രനീഷ് ടി.ആർ

ആർഷ ഭാരത സംസ്കാരത്തൽ വിദ്യ അഭ്യസിക്കുന്ന രീതികളും വിദ്യാഭ്യാസ രംഗങ്ങളും ചരിത്രകാരൻമാർ തീർത്തും വ്യക്തമാക്കിയിരുന്നതും നാമെല്ലാമത് നമ്മുടെ വിദ്യാഭ്യാസ കാലയളവുകൾ പഠിച്ചുമനസ്സിലാക്കിയിട്ടുള്ളതുമാണല്ലോ.

വിദ്യാഭ്യാസ കാലയളവിൽ പർണ്ണശാലകൾ അഥവാ പർണ്ണകുടീരങ്ങൾ മുഖാന്തിരമുള്ള രീതികളാണ് പണ്ടുകാലത്ത് കൂടുതലും അവലംബിച്ചു വന്നുകൊണ്ടിരുന്നത്. പിന്നീടുള്ളകാലഘട്ടങ്ങളിൽ ഇവയ്ക്കും കാലാനുസൃതമാറ്റങ്ങൾ വന്നുകൊണ്ടിരുന്നു. ഇന്നത്തെയീ വർത്തമാനകാലഘട്ടത്തിൽ സ്കൂളുകൾ വഴി മികച്ച രീതിയിൽ ഉള്ള പാഠ്യപദ്ധതികളാണ് നടപ്പിലാക്കി മുന്നേറിക്കൊണ്ടിരിക്കുന്നത്. പാഠപുസ്തകതാളുകൾ മനപ്പാഠമാക്കി പഠിച്ചുകൊണ്ടിരന്ന സാധരണരീതികളിൽനിന്നും തീർത്തും വിഭിന്നമായി വിദ്യാർത്ഥിക്ക് പഠിക്കേണ്ട പാഠ-പാഠ്യഭാഗങ്ങളെ നേരിട്ട് ദൃശ്യ-ശ്രാവ്യ വഴികളിലൂടെ പഠിപ്പിക്കുന്ന രീതികളടക്കം പ്രചാരത്തിൽവന്നു. ഇവയെല്ലാം വിചാരി-ച്ചതിനേക്കാളുംപൂർണ്ണവിജയമായിരുന്നും തുടർന്നുകൊണ്ടി-രിക്കുന്നു.

ഡിജിറ്റൽ ക്ലാസ്സ്റൂമുകൾ, പവർപോയിൻറ്

പ്രസന്റേഷൻ മുഖാന്തിരമുള്ള പഠനങ്ങൾ, ലോകോത്തര നിലവാരമുള്ള അതിനൂതന വിദ്യാഭ്യാസസംരംഭങ്ങൾ ഇവയെല്ലാം ഇന്ന് കുതിച്ചുപാഞ്ഞുകൊണ്ടിരിക്കുന്ന വേളയിൽ വിദ്യാധനം സർവ്വധനാൽ പ്രധാനം എന്ന തത്വത്തെ തീർത്തും ന്യായീകരിക്കത്തക്ക വിധത്തിലാണ് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായങ്ങൾ നടന്നുപോയിക്കൊണ്ടിരിക്കുന്നത്. പണ്ടുകാല-ങ്ങളിൽ ഹൈസ്കൂൾ തലങ്ങളിൽ ലഭിച്ച അതേ നിലവാരത്തിലുള്ള അറിവും വിദ്യയും ഇന്ന് യു.പി. തലങ്ങളിൽ വിദ്യാർത്ഥികൾക്ക് ലഭ്യമാണ് എന്നതാണ് ഇത്തരത്തിലുള്ള പുത്തൻ വിദ്യാഭ്യാസസമ്പ്രദായങ്ങൾകൊണ്ടുള്ള മേന്മയും നല്ല വശവും.

ഇത്തരത്തിലുള്ള സൗഹൃദപഠനാന്തരീക്ഷങ്ങളിൽ വിദ്യാഭ്യാസകാലഘട്ടങ്ങൾ പൂർത്തീകരിക്കുന്ന വിദ്യാർത്ഥികൾ പുറത്തുവരുമ്പോൾ നമ്മുടെ പ്രിയ രാഷ്ട്രപിതാവ് ഗാന്ധിജിയും മുൻ രാഷ്ട്രപതി എ.പി.ജെ അബ്ദുൾ കലാമും മറ്റ് വലിയ വ്യക്തിത്വങ്ങൾ ഉദ്ദേശിച്ച രീതിയിൽ കർമ്മ-രംഗബോധമുള്ള പുതുതലമുറകളായി വളർന്നുവരുന്നു.....

ഇനിയുള്ളകാലങ്ങളിൽ ഇത്തരത്തിലുള്ള യുവതലമുറകളും ദിശാബോധമുള്ള ജനതയുമാണ് ഈ നാടിനാവശ്യം. ഇന്നത്തെ വിദ്യാഭ്യാസ രീതികൾ ഇവരെ ഇത്തരത്തിൽ വളർന്നുവരാനുള്ള സാഹചര്യങ്ങൾ ഒരുക്കിക്കൊ-ടുക്കുകയും ചെയ്യുന്നുവെന്നതും സ്തുത്യർഹം തന്നെയാണ്...

സമ്പൂർണ്ണ സാക്ഷരകേരളമെന്ന ലക്ഷ്യപ്രാപ്തിക്ക്

വിദ്യാഭ്യാസവും കൂടെ വിവേകപരമായ തീരുമാനങ്ങൾ എടുക്കുവാനുമുള്ള സമചിത്തതയുമാണ് ഇത്തരത്തിലുള്ള ദീർഘവീക്ഷണത്തോടെയുള്ള നൂതന വിദ്യാഭ്യാസ സമ്പ്രദായ-ങ്ങൾ മൂലം നാം നേടിയെടുക്കുന്നത്.ചിന്തിക്കാനും ചിന്തിച്ച തീരുമാനങ്ങൾ എടുക്കുന്നതിനുമുള്ള കഴിവിനെ പരമാവധി പരിപോഷിച്ചുകൊണ്ടും വിദ്യാഭ്യാസകാലയളവിൽ ലഭിക്കേണ്ട-തായ എല്ലാ പരിചരണങ്ങളും സ്വായത്തമാക്കത്തക്ക രീതിയിൽ അവലംബിച്ചുകൊണ്ടുള്ള നവപഠനമാതൃകകൾ ലോകനിലവാര-ത്തിൽ ഏറെ ഇന്ന് ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതും സ്വാകതാർഹ-മായവയുമാണ്.ഇത്തരം ചർച്ചകൾക്ക് ഈ വിദ്യാഭ്യാസരീതികൾ വിഷയമാകുന്നതുതന്നെ ഈ വിദ്യാഭ്യാസ മാതൃകകളുടെ വിജയം ഉറപ്പിക്കുന്നതാണ്.

ഇന്ന് സർക്കാർ സ്കൂളുകളിൽ പഠനം പൂർത്തിയാക്കി ഇറങ്ങുന്ന വിദ്യാർത്ഥികൾ മറ്റു വിദ്യഭ്യാസമേഖലകളിൽ നിന്നും പഠനം പൂർത്തിയാക്കി ഇറങ്ങുന്ന വിദ്യാർത്ഥികളോടു തീർത്തും കിടപിടിക്കുന്ന രീതിയിൽ പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന കാഴ്ചകളും വാർത്തകളും നാം ഇന്ന് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽനിന്നും നിരന്തരം കണ്ടുവരുന്നതു-മാണല്ലോ.ഇത്തരത്തിൽ മികച്ച രീതിയിൽ വിദ്യാഭ്യാസ മേഖലകളിലെ കോട്ടങ്ങളെല്ലാം തീർത്ത് മികച്ച നേട്ടങ്ങൾ മാത്രം സമ്മാനിക്കുന്ന വിദ്യാഭ്യാസനയങ്ങളും മാതൃകകളും എക്കാലത്തും പൊൻതൂവലായി നിൽക്കുക തന്നെ ചെയ്യും.ഇത്തരത്തിൽ വികസിപ്പിച്ചെടുത്ത നവവിദ്യാഭ്യാസ മാതൃകകൾ ഇനിവരും തലമുറകൾക്ക് ഏറെ സഹായകരവും

ഗുണപ്രദമായിരിക്കുമെന്നും, ഈ നവമാതൃകകൾ മൂലം വിദ്യാഭ്യാസം പൂർത്തിയാക്കി ഇറങ്ങുന്ന വിദ്യാർത്ഥികൾ വഴി നാട്ടും രാജ്യവും യഥാർത്ഥ സ്വയംപര്യാപ്തിയിലേക്ക് എത്തി യശസ് വാനോളം ഉയർന്ന് ലോകത്തിന് ഒരു മാതൃകയാകുമെന്ന് പ്രത്യാശിക്കുന്നു.




വർഷങ്ങൾ കടന്നുപോയിരിക്കുന്നു.സെക്കൻഡിൻെറ ദൈർഘ്യം പോലും ഇല്ലാത്ത ജീവിതത്തിലെ സുവർണ്ണകാലഘട്ടം. ഇതാ ജീവിതത്തിലെ ഈ വസന്തകാലം എന്നിൽനിന്ന് കൊഴിഞ്ഞു പൊയ്ക്കൊണ്ടിരിക്കുന്നു.

ഒരുപാട് ബന്ധങ്ങളും വലിയ പ്രതീക്ഷകളും സ്വപ്നങ്ങളുമെല്ലാമുള്ള ഒരു ലോകത്തേക്ക് ആദ്യമായി കടന്നു വന്ന ആ നാളുകൾ..... ഓരോ ദിവസത്തിനും ഓരോ പുതുമകൾ.......

ഈ സ്കൂൾ ജീവിതം ഞാൻ ശരിക്കും ആസ്വദിച്ചു.ഓരോ നിമിഷവും കടന്നുപോകുന്നത് ഞാൻ അറിഞ്ഞില്ല.എൻെറ വിദ്യാലയ ജീവിതം വെറും ഓർമ്മകൾ മാത്രമായി അവശേഷിക്കാൻ പോകുന്നു.ഈ എസ്. എസ്. എൽ . സി . പരീക്ഷയോടുകൂടി ഞാനും ഈ വിദ്യാലയത്തിലെ വെറുമൊരു അഥിതിയായി മാറും.

നേട്ടങ്ങളിലേക്കുള്ള ഒരു ജാലകമാണ് ഈ വിദ്യാലയം എനിക്കായി തുറന്നുതന്നത്.മനസ്സിൻെറ താളുകളിൽ എന്നും ഓർക്കാൻ ഒരായിരം ഓർമ്മകൾ സമ്മാനിച്ച എൻെറ സുഹൃത്തുക്കളേയും അദ്ധ്യാപകരേയും സ്നേഹത്തോടെ ഞാൻ ഓർക്കുന്നു.ഇണക്കങ്ങളും പിണക്കങ്ങളുമായിരുന്നെങ്കിലും ആ സൗഹൃദ നിമിഷങ്ങൾ ഇന്നും ഞാൻ ഇഷ്ടപ്പെടുന്നു.

ജീവിതം എന്തെന്ന് പഠിപ്പിച്ച എന്നെ ജീവിക്കാൻ പഠിപ്പിച്ച "എൻ വിദ്യാലയമെ നിന്നോട് വിട"

*ജാനറ്റ് ജോണി*

# ആദ്യമായ്...

അമ്മതൻ കൈപിടിച്ചാദ്യമായ് കാൽ വച്ചു
അറിവിൻ വെളിച്ചമാം വിദ്യാലയമുറ്റത്തു
കണ്ടു ഞാൻ പല പല മുഖങ്ങൾ അവിടെ
കളിചിരിതൻ കലപില നാദവും കേട്ടു ഞാൻ
കാൽ വിറച്ചും കൈ കടിച്ചും
അമ്മതൻ കൈ മുറുകെ പിടിച്ചും
ക്ലാസ്മുറി തൻ വാതിൽ കടക്കവേ...
വിതുമ്പിക്കരഞ്ഞുപോയെൻ മനം താനേ
യാത്രപറഞ്ഞുപോകുമെൻ അമ്മതൻ
അരികിലേക്കോടിച്ചല്ലവേ എൻ കരം ബലമായി പിടിച്ചെൻ
ടീച്ചർ തൻ
മുഖം മറക്കാൻ കഴിയുവതെങ്ങനെ?....



# തോൽവിയിലെ വിജയം

(സി.ജിൻസി)

ഏവരും വിജയത്തെ സ്വപ്നം കാണുന്നവരാണ്.

തോൽവി ബലഹീനതയാണെന്നും തിന്മയാണെന്നുമുള്ളചിന്ത മനസ്സിൻെറ ഏതോ കോണിൽ ഒളിഞ്ഞു കിടപ്പുണ്ട്." ജയിക്കാനായിജനിച്ചവൻ"എന്ന സിനിമ ഈനിമിഷം ഓർത്തുപോവുന്നു. ആർക്കും തോൽക്കാൻ ആഗ്രഹമില്ല. എല്ലാവർക്കും ജയം മാത്രമേ വേണ്ടൂ. ഏതെങ്കിലും തോൽവി നല്ല മനസ്സോടെ അപരനുവേണ്ടി ഏറ്റെടുത്തവരെല്ലാം നന്മയുടെ സുഗന്ധം പരത്തിയവരാണ്.

ഈ ഉത്ഥാന ദിനങ്ങളിൽ തോറ്റതിലൂടെ നേടിയ നന്മകൾ പലതും മനസ്സിലൂടെ കടന്നുപോയി. തോമാശ്ലീഹായുടെ ശാഠ്യത്തിനുമുമ്പിൽ തോറ്റുകൊടുക്കുന്ന ഈശോ നേടിയത് ധീരനും ശക്തനുമായ ഭാരതത്തിൻെറ അപ്പസ്തോലൻ,രക്തസാക്ഷി വി.തോമായെയാണ്.
വീണ്ടും ഈശോ ചെയ്ത വാഗ്ദാനങ്ങളെയെല്ലാം കാറ്റിൽ പരത്തി ഉപേക്ഷിച്ചിട്ട വഞ്ചിയും വലയും പേറി പഴയ തൊഴിൽ മേഖലയിലേക്കും ജീവിത ശൈലിയിലേക്കും ഇറങ്ങി തിരിച്ച
ശിഷ്യരുടെ മുമ്പിൽ തോറ്റുകൊടുക്കുന്ന ഈശോ തൻെറ സഭാസമൂഹത്തെ പടുത്തുയർത്താൻ കെൽപ്പുള്ള ബലിഷ്ഠമായ
നെടുംതൂണുകളെ നേടി. തോൽവി വഴി മറ്റുള്ളവരെ വിജയത്തിൻെറ നന്മയുടെ പന്ഥാവിലേക്ക് നയിച്ച വിശ്വകലാക്കാരനാണ് ഈശോ. കുരിശിൽനിന്നും ഇറങ്ങിവരാൻ ആക്രോശിക്കുന്ന ജനത്തിനുമുമ്പിലും തോറ്റുകൊടുക്കുന്ന ഈശോ ഇവരോട് ക്ഷമിക്കണമെന്ന പ്രാർത്ഥനയോടെ അവരുടെ വിജയത്തിൽ പങ്കുകൊള്ളുകയാണ്,വിജയം ആഘോഷിക്കുകയാണ്.

ഇങ്ങനെ ജീവിതത്തിൽ തോറ്റുകൊടുക്കാൻ പഠിച്ചാൽ പലതിനേയും,പലരേയും നേടാൻ സാധിക്കുമെന്ന് ആ ദിവ്യഗുരു പഠിപ്പിക്കുന്നു. ഒന്നു തോൽക്കാൻ വിട്ടുകൊടുക്കാൻ തയ്യാറായാൽ പരിഹരിക്കാവുന്നതേ ഉള്ളൂ നമ്മുടെ കുടുംബങ്ങളിലെ പല പ്രശ്നങ്ങളും.ഒരിക്കൽ ഒരിടത്ത് രണ്ട് സഹോദരിമാർ ഉണ്ടായിരുന്നു.ജ്യേഷ്ഠൻ കുടുംബവുമായി കഴിയുകയല്ലേ,അവർക്ക് ആവാശ്യത്തിനു

വേണ്ടത്ര ധാന്യം ഉണ്ടാകില്ലാ എന്നു കരുതി ഒരു ചാക്ക് ധാന്യവുമായി പാതിരാത്രി ആരും അറിയാതെ ജ്യേഷ്ഠന്റെ വീട്ടിലേക്ക് പുറപ്പെട്ടു. പാതിവഴിയിൽ ഇരുവരും കൂട്ടിമുട്ടി.

സ്നേഹത്തിന്റെ,സൗഹൃദത്തിന്റെ അനുഗ്രഹിക്കപ്പെട്ട ഈ പുണ്യ സംഗമസ്ഥലത്താണ് പിന്നീട് അവരുടെ ഇടവക ദേവാലയം പണി തുടങ്ങിയത്.ഇതുപോലുള്ള ധാരാളം പുണ്യതീർത്ഥങ്ങൾ നമ്മുടെ ഇടയിലും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പരീക്ഷാഫലം അറിയുന്ന സമയമാണല്ലോ ഇത്.ചിലരെങ്കിലും തോൽക്കുകയോ,പ്രതീക്ഷിച്ചത്ര വിജയം കൈവരിക്കാതെ വിഷമിക്കുന്നവർ ഉണ്ടാകാം.നിങ്ങൾക്ക് ഒരു സുവിശേഷം ഉണ്ട്.നമ്മുടെ മുൻ രാഷ്ട്രപതി പ്രസിദ്ധനും പ്രിയങ്കരനുമായ ഡോ. അബ്ദുൽ കലാമിന് വാക്കുകളിൽ അതുകൊണ്ട് തോൽവി വിജയിക്കാനും വിജയിപ്പിക്കാനുമുള്ള ചവിട്ടുപടികളായികണ്ട് ധീരതയോടെ ആത്മാഭിമാനത്തോടെ മുന്നേറാം





# <u>നിഴൽ പറഞ്ഞത്</u>


നീ
നിഴൽമാത്രം നോക്കി
രൂപത്തെ തിരിച്ചറിഞ്ഞ[illegible]
ശില്പം മാത്രം നോക്കി
ശില്പിയെ അന്വേഷിച്ചില്ല.
മത്സ്യത്തിനു വിലയിട്ടു
മുക്കുവജീവന്റെ വിലയറിഞ്ഞില്ല.

# A friend in need

A good friend
Is always there
whether you need advice
or a good inspiration talk
or even a shoulder to learn on
A best friend
Listens your sorrows with his or her heart
And is always with you
Even though the truth may not be
what you want to hear
A good friend
know all your secrets
And understand all your fears
shares your dreams
and tease each other
A good friend
Never stops believing in you
Even if you give up on yourself
friendship is about giving and sharing
Friendship is faithful and loyal

good friends are like stars

Whose word always shine in our mind



## പൂക്കാത്തതെന്തേ...

വിഷുവന്ന് വിളിച്ചിട്ടും
കണിക്കൊന്നപൂക്കാൻ മറക്കുന്നു
കാലം തെറ്റിയ വഴിയിൽ
പകച്ചൊന്നു നിൽക്കുന്നു
കിങ്ങിണിപ്പൂങ്കുല
കണിവെച്ചൊരുക്കുവാൻ
കണിക്കൊന്ന കൊതിക്കുന്നു
വിഷു വന്നു വിളിച്ചിട്ടും
കണിക്കൊന്ന പൂക്കാൻ മറക്കുന്നു .
പുതുവർഷമാണിത്
ശുഭദിനമായ് തുടങ്ങണം
ഉണ്ണിക്കുപുടവ നൽകണം
മനസ്സിൽ നന്മ നിറയണം
കൈനീട്ടമായി ഉള്ളുനിറക്കണം
കണിവച്ച കണ്ണനെ കാണണം
കൊതിച്ചിട്ടുമെന്തേ.
കണിക്കൊന്നപ്പൂക്കളിൽപുഞ്ചിരിവിടരാത്തത്...?
മറന്നുവോ ഈ വഴിയും
മേടച്ചൂടിൻ പൊന്നൊളിയും .

# വിജയമാർക്കെല്ലാം ?

ഈ ലോകത്തിൽ ഒരാളും തോറ്റവരായി ജനിക്കുന്നില്ല.ജനിച്ചതു മുതൽ നമ്മളെല്ലാവരും വിജയികളാണ്.പിതാവിന്റെ ശരീരത്തിൽ നിന്നുവന്ന ദശലക്ഷകണക്കിനുബീജാണുക്കളിൽ നിന്ന് മാതാവിന്റെ അണ്ഡത്തിലേക്ക് പ്രവേശിക്കുവാൻ നമുക്ക് മാത്രമേ കഴിഞ്ഞുള്ളൂ.അതുകൊണ്ട് നമ്മളെല്ലാവരും വിജയികളായി തന്നെയാണ് ജനിച്ചത്.തോല്ക്കുവാൻ യാതൊരു പ്രയാസവും ഇല്ല.പക്ഷേ വിജയിക്കുവാൻ ഇരട്ടി പരിശ്രമിക്കേണ്ടിവരും.തോൽക്കുന്നത് സാധാരണമാണ്, ജയിക്കുന്നത് ആദ്യത്തിയവും ഈ ലോകത്തിലെ എല്ലാവരും വൻ വിജയങ്ങൾ മാത്രമാണ് പ്രതീക്ഷിക്കുന്നത് പക്ഷേ അങ്ങനെ മുന്നേറിയാൽ നിരാശമാത്രമായിരിക്കും ഫലം. വിജയത്തിലേക്കുള്ള വഴികളിൽ പരാജയങ്ങൾ സാധാരണമാണ്,പക്ഷേ പരാജയപ്പെടുമെന്ന് തോന്നി പിൻവാങ്ങുന്നവൻ തങ്ങൾ വിജയത്തിന്റെ തൊട്ടടുത്തെത്തിയെന്ന് മനസ്സിലാക്കുന്നില്ല. ആരംഭത്തിലെ താൽപര്യം അവസാനം വരെ നിലനിർത്തുന്നവരാണ് വിജയത്തിലേക്ക് നീങ്ങുന്നത്.

*വിജയത്തിലേക്കുള്ള വഴി ഞെരുങ്ങിയതാണ്.അതിലൂടെ സഞ്ചരിക്കുവാൻ മെയ് വഴക്കം വേണം.കഠിനാധ്വാനമാണ് നമ്മൾ സ്വായത്തമാക്കേണ്ട മെയ് വഴക്കം.മന്ദബുദ്ധി കേൾവിശക്തി കുറഞ്ഞവനെന്ന് അദ്ധ്യാപകരും സഹപാഠികളും കളിയാക്കി ഒരു വിദ്യാർത്ഥി പിന്നീട് ലോകമറിഞ്ഞ ഒരു*

ശാസ്ത്രജ്ഞനായി മാറി,മഹാനായ തോമസ് ആൽവാ എഡിസൺ ലോകത്തിന് മുഴുവൻ
പ്രകാശം നൽകിയ ഇലക്ട്രിക് ബൾബ് ഉൾപ്പെടെ 2,332 കണ്ടുപിടിത്തങ്ങൾ നടത്തിയ ഈ ശാസ്ത്രജ്ഞനെയാണ് ഒരിക്കൽ മന്ദബുദ്ധിയെന്നും കഴിവില്ലാത്തവനും എന്നും വിമർശിചത്.
എഡിസൻെറ വിജയത്തിന് കാരണം ,നിരന്തരമായ പരിശ്രമവും കഠിനധ്വാനമാണ്. ബുദ്ധിമാനെന്നത് ഒരു ശതമാനം പ്രചോദനവും 99% വിയർപ്പാണെന്ന എഡിസൻെറ വാക്കുകൾ അദ്ദേഹത്തിൻെറ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നു. എഡിസൻ ജനനത്തിനു മുപത്തിരണ്ട് വർഷങ്ങൾക്കു ശേഷം ജർമ്മനിയിൽ ഒരു പിറന്നു.ജനിച്ചയുടൻ തന്നെ പിതാവിൻെറ ശകാരവാക്കുകൾ കേട്ടുകൊണ്ടും പിന്നീട് ബന്ധുക്കളും അധ്യാപകരുമെല്ലാം തരംതാഴ്ത്തിയ ആ കുട്ടി പിന്നീട് ലോകം കണ്ടതിൽ വെച്ച് ഏറ്റവും ബുദ്ധിമാനായ മനുഷ്യനെന്ന് വിശേഷിപ്പിക്കപ്പെട്ടു. സാക്ഷാൽ ആൽബെർട്ട് ഐൻസ്റ്റീൻ. ഭാവനയ്ക്കും കഠിനാധ്വാനത്തിനുമാണ് അറിവിനേക്കാൾ പ്രാധാന്യം എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. എട്ടാം ക്ലാസ്സിൽ പഠനം നിർത്തിയ ബിൻഗേറ്റ്സും കോളേജ് പഠനം പൂർത്തിയാക്കാത്ത സുക്കർബർഗ്ഗും ലോകം അറിയപ്പെട്ടവരായി മാറി.അതിനു കാരണം അവരുടെ സ്വപ്നങ്ങളാണ്. ആ സ്വപ്നങ്ങൾ നിറവേറണമെന്ന് അവർക്ക്തിയായ ആഗ്രഹം ഉണ്ടായിരുന്നു. അതിനു വേണ്ടി അവർ കഠിനമായി പരിശ്രമിച്ചു അവർ വിജയിച്ചു.

പുതിയ ലോകം കുറുക്കുവഴികൾ നിറഞ്ഞതാണ്.ആ കുറുക്കുവഴികളിലൂടെ സഞ്ചരിക്കുമ്പോൾ നമ്മൾ ശരിയായ വഴി മറന്നുപോകുന്നു.നമ്മൾ വിദ്യർത്ഥികളെ സംബന്ധിച്ച് കോപ്പിയടി ഒരു കുറുക്കുവഴിയാണ്.കോപ്പിയടിച്ച് പരീക്ഷ ജയിക്കുന്ന ഒരുവൻ

പിന്നീട് ജീവിതത്തിൽ ഒരു വക്തിത്വമുള്ളവനായി തീരില്ല.അവൻ സ്വന്തം അറിവ് കൊണ്ടല്ല വിജയിച്ചത്.ഒരു പരിശ്രമവുമില്ലാതെ അവൻ വിജയിച്ചു. കോപ്പിയടിച്ചു വിജയിക്കുന്നതിനേക്കാൾ നല്ലത് പഠിക്കാതെ തോൽക്കുന്നതാണ്.സ്വന്തം അറിവ് കൊണ്ട് ജയിക്കുന്നവന് സംതൃപ്തിയുണ്ടാകും കോപ്പിയടിച്ചു ജയിക്കുന്നവന് കുറ്റബോധവും. നമ്മുടെ വിജയങ്ങൾ തീരുമാനിക്കേണ്ടത് മറ്റുള്ളവരല്ല.നമ്മൾ തന്നെയാണ്.നല്ല മുന്നൊരുക്കങ്ങൾക്ക് നല്ല ഫലം ലഭിക്കും.നന്നായി ആരംഭിക്കുന്നവർ പകുതി വിജയിച്ചുകഴിഞ്ഞു.നമ്മൾ ഒരു കാര്യം നേടാൻ ആഗ്രഹിച്ചിട്ടുണ്ടെങ്കിൽ നമ്മൾ അതു നേടുന്നതുവരെ ഈ ലോകം മുഴുവൻ നമ്മുടെ കൂടെ നിൽക്കും. എന്ന പൗലോകൊയലോയുടെ വാക്കുകൾ എത്ര യാഥാർത്ഥ്യമാണ്.

വിറകുകൊള്ളിയുടെ വെളിച്ചത്തിൽ പുസ്തകങ്ങൾ വായിച്ചിരുന്ന അബ്രഹാം ലിങ്കനും ചായകടയിൽ നിന്നും പത്രവിതരണം നടത്തിയതിൽ നിന്നും കിട്ടിയ പ്രതിഫലം കൊണ്ട് പഠനം നടത്തിയ ഡോ.എ.പി.ജെ. അബ്ദുൾകലാമുമെല്ലാം പുതിയ ലോകത്തിനു നല്കുന്ന പ്രചോദനം ചെറുതല്ല.കുന്നോളം ആഗ്രഹിച്ചാലേ കടുകോളമെങ്കിലും നേടാനാകൂ.അതുകൊണ്ട് നിങ്ങളെല്ലാവരും സ്വപ്നങ്ങൾ കാണണം.അത് നേടുന്നതുവരെ കഠിനമായി പരിശ്രമിക്കണം.അപ്പോൾ നിങ്ങൾക്കുള്ള പ്രതിഫലം ലഭിക്കും.നിങ്ങൾ ആഗ്രഹിച്ചിരുന്ന വിജയം നിങ്ങൾക്കു ലഭിക്കും.നിങ്ങളുടെ വിധി നിങ്ങളുടെ തീരുമാനങ്ങളാണ്.

# ചിന്തകൾ

വാക്കുകളിൽ എന്റെ ചിന്തകളെ
ഒതുക്കുവാൻ ആകുമോ എന്ന് ഞാൻ
ആലോചിച്ചിട്ടുണ്ട്...
പലപ്പോഴും എന്റെ ചിന്തകൾ
അക്ഷരങ്ങളെ കൂട്ടുപിടിച്ച്
സ്വയം ഒതുങ്ങുന്നതായും
ഞാനറിഞ്ഞിട്ടുണ്ട്

ചുട്ടുപൊള്ളുന്ന ചങ്ങലകളിൽ
അവ നീറുന്നതും ഉരുകുന്നതും
തെല്ലൊരു മനസാക്ഷിയില്ലാതെ
ഞാൻ നോക്കിനിന്നിട്ടുണ്ട്.
ഒരു ജനൽപ്പാളിപോലുമില്ലാതെ
എന്റെ പുസ്തകങ്ങൾ
ക്കിടയിലിരുന്ന് അവ ശ്വാസം
മുട്ടുന്നതായും എനിക്കു തോന്നിയിട്ടുണ്ട്.
ഇനി വയ്യ

എനിക്കവയെ തുറന്നുവിടണം
ചിറകുകൾ നൽകി സ്വതന്ത്ര
വിഹായസ്സിലേക്ക് അവയെ പറക്കാനനുവദിക്കണം
എന്നിട്ട് കുറച്ചു കണ്ണീരിനൊപ്പം
അവയെ നോക്കിയൊന്ന് പുഞ്ചിരിക്കണം


*യദുകൃഷ്ണ ടി. ആർ*



# നെല്ലിക്ക

ഗൗതം

മൂത്തവൻ ചൊല്ലാം മുതുനെല്ലിക്ക
യ്ക്കാദ്യം മുതലേ കയ്പ്പാണേ
അനുഭവസമ്പത്താകും ജലമതി-
നേകീ ചെറിയൊരു പുളിമധുരം
മനസ്സാം ഭരണിയിലുപ്പും കൂട്ടി
അടച്ചുവച്ചു ഞാനതിനെ
ക്രോധം നല്കിയൊരെരിവും പുളിയും
മുതുനെല്ലിക്കയിലലിഞ്ഞുചേർന്നു
കാലം പോകേ മുതുനെല്ലിക്ക
യ്ക്കേറീ രുചിയും നറുമണവും
ഇപ്പോൾ ഞാനമതുമടി കൂടാതെ
നിത്യം ഭക്ഷണമാക്കുന്നു.



സ്വർണ്ണപ്പൂക്കൾ വിടരുന്ന
വിഷുപക്ഷി ചിലയ്ക്കുന്ന
മാവിൻചില്ലകൾ പൂക്കുകയായി
വരവായി വിഷുക്കാലം
ശാന്തമാകയായ് കർഷകചിത്തം
കൊയ്ത്തുകാലം വരുകയായ്
വിത്ത് വിതച്ച് വിശ്രമമാകയായ്
സ്വർണ്ണമണിഞ്ഞ് നിൽക്കയാണോ
സുന്ദരി മീനച്ചൂടിൽ
പച്ചിലകൾ കരിഞ്ഞ് പോയി
ആഘോഷത്തിൽ ശബ്ദങ്ങളുയരുന്ന
എത്ര വർണശബളം
ഈ പൂത്തിരി കത്തും നേരം
ഉണ്ണിക്കണ്ണനെ കണികണ്ടുണ
രുകയായ് നല്ല കാലം
നിനച്ചിനാൽ വിഷു
ക്കട്ടയും ശർക്കരപാനിയു
മനസ്സിൽ നിറയുകയായ്
അമ്മയാം ഭൂമിയോടിണങ്ങിയ
ഈ ഉത്സവം എത്ര സുന്ദരം
സംസ്കാരത്തിൽ ഉന്നതിയിൽ
ചേക്കയരുന്നവർ മറക്കാതെ
യിരിക്കട്ടെ ഈ മനോഹരകാലം

# വിജയമാർക്കെല്ലാം ?

ഈ ലോകത്തിൽ ഒരാളും തോറ്റവരായി ജനിക്കുന്നില്ല.ജനിച്ചത് മുതൽ നമ്മളെല്ലാവരും വിജയികളാണ്.പിതാവിന്റെ ശരീരത്തിൽ നിന്നുവന്ന ദശലക്ഷകണക്കിനുബീജാണുക്കളിൽ നിന്ന് മാതാവിന്റെ അണ്ഡത്തിലേക്ക് പ്രവേശിക്കുവാൻ നമുക്ക് മാത്രമേ കഴിഞ്ഞുള്ളൂ.അതുകൊണ്ട് നമ്മളെല്ലാവരും വിജയികളായി തന്നെയാണ് ജനിച്ചത്.തോല്ക്കുവാൻ യാതൊരു പ്രയാസവും ഇല്ല.പക്ഷേ വിജയിക്കുവാൻ നൂറിരട്ടി പരിശ്രമിക്കേണ്ടിവരും.തോൽക്കുന്നത് സാധാരണമാണ്, ജയിക്കുന്നത് ആദ്യതീയവും ഈ ലോകത്തിലെ എല്ലാവരും വൻ വിജയങ്ങൾ മാത്രമാണ് പ്രതീക്ഷിക്കുന്നത് പക്ഷേ അങ്ങനെ മുന്നേറിയാൽ നിരാശമാത്രമായിരിക്കും ഫലം. വിജയത്തിലേക്കുള്ള വഴികളിൽ പരാജയങ്ങൾ സാധാരണമാണ്,പക്ഷേ പരാജയപ്പെട്ടുമെന്ന് തോന്നി പിൻവാങ്ങുന്നവൻ തങ്ങൾ വിജയത്തിന്റെ തൊട്ടടുത്തെത്തിയെന്ന് മനസ്സിലാക്കുന്നില്ല. ആരംഭത്തിലെ താൽപര്യം അവസാനം വരെ നിലനിർത്തുന്നവരാണ് വിജയത്തിലേക്ക് നീങ്ങുന്നത്.

*വിജയത്തിലേക്കുള്ള വഴി ഞെരുങ്ങിയതാണ്.അതിലൂടെ സഞ്ചരിക്കുവാൻ മെയ് വഴക്കം വേണം.കഠിനാധ്വാനമാണ് നമ്മൾ സ്വായത്തമാക്കേണ്ട മെയ് വഴക്കം.മന്ദബുദ്ധി*

കേൾവിശക്തി കുറഞ്ഞവനെന്ന് അദ്ധ്യാപകരും സഹപാഠികളും കളിയാക്കി ഒരു വിദ്യാർത്ഥി പിന്നീട് ലോകമറിഞ്ഞ ഒരു
29
ശാസ്ത്രജ്ഞനായി മാറി,മഹാനായ തോമസ് ആൽവാ എഡിസൺ ലോകത്തിന് മുഴുവൻ
പ്രകാശം നൽകിയ ഇലക്ട്രിക് ബൾബ് ഉൾപ്പെടെ 2,332 കണ്ടുപിടിത്തങ്ങൾ നടത്തിയ ഈ ശാസ്ത്രജ്ഞനെയാണ് ഒരിക്കൽ മന്ദബുദ്ധിയെന്നും കഴിവില്ലാത്തവനും എന്നും വിമർശിചത്.
എഡിസൻെറ വിജയത്തിന് കാരണം ,നിരന്തരമായ പരിശ്രമവും കഠിനധ്വാനമാണ്. ബുദ്ധിമാനെന്നത് ഒരു ശതമാനം പ്രചോദനവും 99% വിയർപ്പാണെന്ന എഡിസൻെറ വാക്കുകൾ അദ്ദേഹത്തിൻെറ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നു. എഡിസൻ ജനനത്തിനു മുപത്തിരണ്ട് വർഷങ്ങൾക്കു ശേഷം ജർമ്മനിയിൽ ഒരു പിറന്നു.ജനിച്ചയുടൻ തന്നെ പിതാവിൻെറ ശകാരവാക്കുകൾ കേട്ടുകൊണ്ടും പിന്നീട് ബന്ധുക്കളും അധ്യാപകരുമെല്ലാം തരംതാഴ്ത്തിയ ആ കുട്ടി പിന്നീട് ലോകം കണ്ടതിൽ വെച്ച് ഏറ്റവും ബുദ്ധിമാനായ മനുഷ്യനെന്ന് വിശേഷിപ്പിക്കപ്പെട്ടു. സാക്ഷാൽ ആൽബെർട്ട് ഐൻസ്റ്റീൻ. ഭാവനക്കും കഠിനാധ്വാനത്തിനുമാണ് അറിവിനേക്കാൾ പ്രാധാന്യം എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. എട്ടാം ക്ലാസ്സിൽ പഠനം നിർത്തിയ ബിൻഗേറ്റ്സും കോളേജ് പഠനം പൂർത്തിയാക്കാത്ത സുക്കർബർഗ്ഗും ലോകം അറിയപ്പെട്ടവരായി മാറി.അതിനു കാരണം അവരുടെ സ്വപ്നങ്ങളാണ്. ആ സ്വപ്നങ്ങൾ നിറവേറണമെന്ന് അവർക്ക്തിയായ ആഗ്രഹം ഉണ്ടായിരുന്നു. അതിനു വേണ്ടി അവർ കഠിനമായി പരിശ്രമിച്ചു അവർ വിജയിച്ചു.

പുതിയ ലോകം കുറുക്കുവഴികൾ നിറഞ്ഞതാണ്.ആ കുറുക്കുവഴികളിലൂടെ സഞ്ചരിക്കുമ്പോൾ നമ്മൾ ശരിയായ വഴി

മറന്നുപോകുന്നു.നമ്മൾ വിദ്യർത്ഥികളെ സംബന്ധിച്ച് കോപ്പിയടി ഒരു കുറുക്കുവഴിയാണ്.കോപ്പിയടിച്ച് പരീക്ഷ ജയിക്കുന്ന ഒരുവൻ
30
പിന്നീട് ജീവിതത്തിൽ ഒരു വക്തിത്വമുള്ളവനായി തീരില്ല.അവൻ സ്വന്തം അറിവ് കൊണ്ടല്ല വിജയിച്ചത്.ഒരു പരിശ്രമവുമില്ലാതെ അവൻ വിജയിച്ചു. കോപ്പിയടിച്ചു വിജയിക്കുന്നതിനേക്കാൾ നല്ലത് പഠിക്കാതെ തോൽക്കുന്നതാണ്.സ്വന്തം അറിവ് കൊണ്ട് ജയിക്കുന്നവന് സംതൃപ്തിയുണ്ടാകും കോപ്പിയടിച്ചു ജയിക്കുന്നവന് കുറ്റബോധവും. നമ്മുടെ വിജയങ്ങൾ തീരുമാനിക്കേണ്ടത് മറ്റുള്ളവരല്ല.നമ്മൾ തന്നെയാണ്.നല്ല മുന്നൊരുക്കങ്ങൾക്ക് നല്ല ഫലം ലഭിക്കും.നന്നായി ആരംഭിക്കുന്നവർ പകുതി വിജയിച്ചുകഴിഞ്ഞു.നമ്മൾ ഒരു കാര്യം നേടാൻ ആഗ്രഹിച്ചിട്ടുണ്ടെങ്കിൽ നമ്മൾ അതു നേടുന്നതുവരെ ഈ ലോകം മുഴുവൻ നമ്മുടെ കൂടെ നിൽക്കും. എന്ന പൗലോകൊയലോയുടെ വാക്കുകൾ എത്ര യാഥാർത്ഥ്യമാണ്.

വിറകുകൊള്ളിയുടെ വെളിച്ചത്തിൽ പുസ്തകങ്ങൾ വായിച്ചിരുന്ന അബ്രഹാം ലിങ്കണും ചായകടയിൽ നിന്നും പത്രവിതരണം നടത്തിയതിൽ നിന്നും കിട്ടിയ പ്രതിഫലം കൊണ്ട് പഠനം നടത്തിയ ഡോ.എ.പി.ജെ. അബ്ദുൾകലാമുമെല്ലാം പുതിയ ലോകത്തിനു നല്കുന്ന പ്രചോദനം ചെറുതല്ല.കുന്നോളം ആഗ്രഹിച്ചാലേ കടുകോളമെങ്കിലും നേടാനാകൂ.അതുകൊണ്ട് നിങ്ങളെല്ലാവരും സ്വപ്നങ്ങൾ കാണണം.അത് നേടുന്നതുവരെ കഠിനമായി പരിശ്രമിക്കണം.അപ്പോൾ നിങ്ങൾക്കുള്ള പ്രതിഫലം ലഭിക്കും.നിങ്ങൾ ആഗ്രഹിച്ചിരുന്ന വിജയം നിങ്ങൾക്കു ലഭിക്കും.നിങ്ങളുടെ വിധി നിങ്ങളുടെ തീരുമാനങ്ങളാണ്.

# EDITORIAL BOARD

Safamol .p.a
Devika .a.v
Anita sebastin
Nisha nadiya .k.b
Sagara satheesh
Swarna .v.p
Krishnethu
Anjana
Ayana
Anaswara
Shinila
Aibin sabu
Louis .k.o
Niranjan joshy
Jishnu .c.t
Akash .a.s
Krishnapratheek
Alfin
Adhityan
Kishan kumar
Aswin
Krishna prasad

Ajay
Sreedhil
32

*THANK YOU*